"ഭരണഭാഷ- മാതൃഭാഷ"

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5685 02.07.2019 ൽ മറുപടിയ്ക്ക്

സാമൂഹ്യവനവൽക്കരണ പദ്ധതികൾ

| | ചോദ്യം<br>ശ്രീ.ആന്റണി ജോൺ<br>,, കെ.കുഞ്ഞിരാമൻ<br>,, ഡി.കെ. മുരളി<br>,, യു. ആർ. പ്രദീപ് | | ഉത്തരം<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃക്ഷാവരണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യയുടെ സ്ഥിതിവിവര കണക്ക് ഉത്തേജനമാക്കി സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോ; | (എ) | ആഗോള താപനത്തെ ചെറുക്കുന്നതിനായി സാമൂഹ്യവനവൽക്കരണ വിഭാഗം 'ഹരിതകേരളം' പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹിക വനവൽക്കരണവിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകളാണ്. 2016-2017 വർഷങ്ങളിൽ സംസ്ഥാനത്ത് വിതരണം ചെയ്ത തൈകളുടെ അതിജീവനശതമാനം 14 ജില്ലകളിലെ തിരഞ്ഞെടുത്ത 20 കോളേജുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹകരണത്തോട് കൂടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ2016- ൽ വിതരണം ചെയ്ത തൈകളിൽ 55.24 ശതമാനവും 2017 കാലഘട്ടത്തിൽ വിതരണം ചെയ്ത തൈകളിൽ 62.53 ശതമാനവും അതിജീവിച്ചിട്ടുണ്ട് എന്ന് സർവ്വെയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 2017- ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇത് വനം വകുപ്പ് നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ വിജയമാണ്. ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ കൂടുതൽ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സ്വകാര്യ ഭൂമിയിൽ വൃക്ഷം നട്ടുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ തടി ഉൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോൽസാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 17.02.2012 ലെ ജി.ഒ (ആർ.റ്റി) നമ്പർ 99/12/വനം , 29.9.2012 ലെ ജി.ഒ (ആർ.റ്റി) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.<br>ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം,കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/-രൂപ നിരക്കിലും, 201 തൈകൾ മുതൽ 400 എണ്ണം തൈകൾ വരെ തൈ ഒന്നിന് 40/-രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/-രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |
| | | | ഈ പദ്ധതിയുലൂടെ സംസ്ഥാനത്ത് നാളിതുവരെ നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | വിതരണം ചെയ്ത തുക |
|---|---|
| 2012-13 | 14,57,585/- രൂപ |
| 2013-14 | 9,37,998/-രൂപ |
| 2014-15 | 16,26,240/-രൂപ |
| 2015-16 | 11,38,394/-രൂപ |
| 2016-17 | 17,70,413/-രൂപ |
| 2017-18 | 8,07,825/-രൂപ |
| 2018-19 | 3,09,805/-രൂപ |

| | | | |
|---|---|---|---|
| (സി) | കാർബൺ ന്യൂട്രൽ വയനാട് പദ്ധതി പ്രാവർത്തികമാക്കുന്നതിന് വനം വകുപ്പ് നടത്തുന്ന പ്രവർത്തനം അറിയിക്കുമോ | (സി) | വയനാട് മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന കാർബൺ ന്യൂട്രൽ പദ്ധതിയിൽ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ സഹകരിച്ച് പ്രവർത്തിക്കുന്നു. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ആവശ്യ പ്രകാരം വൃക്ഷത്തൈ വിതരണവും ബോധവൽക്കരണ ക്ലാസ്സുകളും വനം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. 2017-18- ൽ 2400 വൃക്ഷത്തൈകളും, 2018-19 ൽ 1483 വൃക്ഷത്തൈകളും , 2019-20 ൽ 2000 വൃക്ഷത്തൈകളും കാർബൺ ന്യൂട്രൽ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മീനങ്ങാടി ഗ്രാമ പഞ്ചായത്തിന് വിതരണം ചെയ്തിട്ടുണ്ട്. കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കുന്ന വിവിധ പരിപാടികളിൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷനും ഭാഗഭാക്കാവുന്നു. ആയതിന്റെ മുന്നോടിയായി മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ബഹു.ധനമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ കാർബൺ ന്യൂട്രൽ പ്രോട്ടോകോൾ രൂപീകരണ ശിൽപ്പശാലയിൽ വയനാട് സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്റർ വിഷയം അവതരിപ്പിക്കുകയും നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട എല്ലാ കമ്മിറ്റികളിലും അസിസ്റ്റന്റ് കൺസർവേറ്റർ മെംബർ ആണ്. |

സെക്ഷൻ ഓഫീസർ